89 (554) നെല്ലാംകണ്ടി-എളേറ്റിൽ വട്ടോളി പി.ഡബ്ല്യു.ഡി. റോഡ്

<u>ശ്രീ. സി. മൊയിൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ നെല്ലാംകണ്ടി-എളേറ്റിൽ-വട്ടോളി പി.ഡബ്ല്യു.ഡി. റോഡ് പ്രവൃത്തി നടത്തുന്നതിന് എന്നാണ് ടെണ്ടർ ചെയ്തത്;

(ബി) കരാർ പ്രകാരം എന്നാണ് പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്നത്;

(സി) പണി പൂർത്തിയാക്കാൻ എന്നുവരെ കാലാവധി നീട്ടിക്കൊടുത്തു;

(ഡി) ആർബിട്രേഷൻ കമ്മിറ്റി കരാറുകാരനെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) കരാറുകാരൻ ഹൈക്കോടതിയിൽനിന്നും നേടിയ വിധിപ്രകാരം എന്തൊക്കെ നടപടികൾ ഗവണ്മെന്റ് സ്വീകരിച്ചു;

(എഫ്) ഈ റോഡുപണി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(ജി) ഈ റോഡിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(എച്ച്) ഈ റോഡ് പണിക്കാവശ്യമായ തുക 2000-2001 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഐ) കരാറുകാരന് ഇതുവരെ എന്തു തുക നൽകിയെന്ന് പറയുമോ?

<u>ഉത്തരം</u>

(എ) ഈ റോഡ് പ്രവൃത്തി നടത്തുന്നതിന് 8.9.1994-ൽ ടെൻഡർ ചെയ്തു.

(ബി) 10.5.1996-ൽ .

(സി) പണി പൂർത്തിയാക്കാൻ 31.3.98 വരെ കാലാവധി നീട്ടിക്കൊടുത്തു.

(ഡി) ഒഴിവാക്കി കൊടുക്കണമെന്ന അപേക്ഷ 19.1.99 ലെ ആർബിട്രേഷൻ കമ്മിറ്റി നിരസിക്കുകയാണ് ഉണ്ടായത്.

(ഇ) റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യാൻ ഓർഡർ ആയതിനാൽ കരാറുകാരൻ കോടതിയിൽ ചോദ്യം ചെയ്യുകയും നടപടികൾ സ്റ്റേ ചെയ്തു ഉത്തരവ് സമ്പാദിക്കുകയും ചെയ്തു. അതോടൊപ്പം തന്നെ വീണ്ടും ആർബിട്രേഷൻ കമ്മിറ്റി മുമ്പാകെ പരാതി കേൾക്കണമെന്ന് കരാറുകാരൻ ബോധിപ്പിച്ചു. കോടതി ഓർഡർ പ്രകാരം പ്രസ്തുത കാര്യം ആർബിട്രേഷൻ കമ്മിറ്റിയുടെ മുൻപാകെയാണ്.

(എഫ്) പണി നബാർഡിൽ ചേർക്കുന്നതിനുള്ള പ്രൊപ്പോസൽ അയച്ചിട്ടുണ്ട്. കരാർ റദ്ദ് ചെയ്യുന്നതിനെതിരെ ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയതു കാരണം പുനർനടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. പണി

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ മുടങ്ങിക്കിടക്കുകയാണ്. സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) റോഡ് ഫോർമേഷൻ മിക്കവാറും പൂർത്തിയായി. ഏഴ് കലുങ്ക് ഉള്ളതിൽ അഞ്ചെണ്ണത്തിന്റെ പണിപൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പണി തീർക്കാനുണ്ട്.

(എച്ച്) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഐ) കരാറുകാരന് ഇതുവരെ 8,06, 545/- രൂപ നൽകിയിട്ടുണ്ട്.

90 (555) കരമന-കിള്ളിപ്പാലം, ബേക്കറി-പാളയം, പാളയം-സ്റ്റാച്യു റോഡുകളുടെ വീതി കൂട്ടൽ നടപടി

ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റിയിലെ കരമന കിള്ളിപ്പാലം, ബേക്കറി-പാളയം, പാളയം-സ്റ്റാച്യു റോഡുകളുടെ വീതി കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത മൂന്നു റോഡുകളുടെയും വീതി കൂട്ടുന്ന ജോലി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) റോഡുകളുടെ വീതി കൂട്ടുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടി ഒഴിപ്പിക്കപ്പെടുന്ന കച്ചവടക്കാരുടെ പുനരധിവാസം എന്നിവ സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ഡി) പ്രസ്തുത റോഡുകളുടെ വീതി കൂട്ടൽ നടപടി എപ്പോൾ പൂർത്തീകരിക്കാനാവുമെന്നും എന്ന് ഗതാഗതത്തിന് തുറന്നുകൊടുക്കാനാവുമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം വികസന അതോറിറ്റിയുടെ കീഴിൽ സ്ഥലമെടുപ്പ് ജോലികൾ പുരോഗമിച്ചു വരുന്നു.

(സി) റോഡുകളുടെ വീതി കൂട്ടുന്നതിന് ആവശ്യമായ സ്ഥലം വിട്ടുകിട്ടുന്നതിനുള്ള നടപടികൾ കരമന കിള്ളിപ്പാലം റോഡിനെ സംബന്ധിച്ച് അവസാനഘട്ടത്തിലാണ്. ബേക്കറി പാളയം റോഡും പാളയം സ്റ്റാച്യു റോഡും വികസിപ്പിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. മേൽപ്പറഞ്ഞ മൂന്ന് റോഡു വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഒഴിപ്പിക്കപ്പെടുന്ന കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് കരമനയിലും പാളയത്തും പ്രത്യേകം പുനരധിവാസ പദ്ധതികൾ ട്രിഡ ആവിഷ്ക്കരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly